ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 25.08.2024

പ്രധാന വാർത്തകൾ

TIME : 07.25 AM

1. പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത് ഇന്ന് രാവിലെ 11 ന്.
   **Prime Minister Narendra Modi to share his thoughts in 'Mann Ki Baat' programme on Akashvani at 11 a.m today.**

2. ഏകീകൃത പെൻഷൻ പദ്ധതിക്ക് അംഗീകാരം നൽകി കേന്ദ്ര മന്ത്രിസഭ ; പദ്ധതി 2025 ഏപ്രിൽ ഒന്ന് മുതൽ പ്രാബല്യത്തിൽ.
   **Union cabinet approves Unified Pension Scheme; The scheme will be effective from April 1, 2025.**

3. ബയോ ഉൽപ്പാദനരംഗത്ത് മികച്ച പ്രകടനം സാധ്യമാക്കുന്നതിനായി ബയോ-ഇ3 നയത്തിനും കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.
   **Union cabinet also approves 'BioE3- Policy for Fostering High Performance Biomanufacturing.**

4. 2026 ഓടെ രാജ്യത്ത് നിന്ന് നക്സൽ തീവ്രവാദം തുടച്ചുനീക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ.
   **Union Home Minister Amit Shah asserts, the country will be free from Naxal menace by 2026.**

5. വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ കാണാതായവർക്ക് വേണ്ടി ഇന്നും തിരച്ചിൽ.
   **Search continues in the landslide-hit Mundakai in Wayanad today.**

6. പാരീസ് പാരാലിമ്പിക്സിൽ പങ്കെടുക്കുന്ന 10 പേരടങ്ങുന്ന ഇന്ത്യൻ പാരാ ഷൂട്ടിംഗ് സംഘം യാത്ര തിരിച്ചു.
   **Indian Para-Shooting team of 10 athletes departs for Paralympic Games in Paris.**

***********************************

## PM-MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത് ഇന്ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 113-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമായിരിക്കും. തുടർന്ന് പ്രാദേശിക ഭാഷകളിലും മൻ കി ബാത് പ്രക്ഷേപണം ചെയ്യും.

***********************************

## PM - MAHARSHTRA - RAJASTHAN

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മഹാരാഷ്ട്രയും രാജസ്ഥാനും സന്ദർശിക്കും. രാവിലെ മഹാരാഷ്ട്രയിൽ ലഖ്പതി ദീദി സമ്മേളനത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. 11 ലക്ഷം പുതിയ ലഖ്പതി ദീദികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്ന പ്രധാനമന്ത്രി രാജ്യത്തുടനീളമുള്ള ലഖ്പതി ദീദികളുമായി സംവദിക്കും. 2,500 കോടി രൂപയുടെ റിവോൾവിംഗ് ഫണ്ട് വിതരണവും 5,000 കോടി രൂപയുടെ ബാങ്ക് വായ്പ വിതരണവും അദ്ദേഹം നിർവഹിക്കും. വൈകിട്ട് ജോധ്പൂരിൽ രാജസ്ഥാൻ ഹൈക്കോടതിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപന ചടങ്ങിനെ ശ്രീ മോദി അഭിസംബോധന ചെയ്യും. രാജസ്ഥാൻ ഹൈക്കോടതി മ്യൂസിയവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

***********************************

## CABINET PENSION INTRO

ഏകീകൃത പെൻഷൻ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം. സർക്കാർ ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിൻ്റെ 50 ശതമാനം പെൻഷൻ ഉറപ്പ് നൽകുന്നതാണ് പദ്ധതിയെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. **വിശദാംശങ്ങളിലേക്ക്......**

(VOICE)

രാജ്യത്ത് ഏകീകൃത പെൻഷൻ പദ്ധതി 2025 ഏപ്രിൽ ഒന്ന് മുതൽ പ്രാബല്യത്തിൽ വരും. കുറഞ്ഞത് 25 വർഷം സർവീസ് പൂർത്തിയാക്കുന്ന സർക്കാർ ജീവനക്കാർക്ക് വിരമിക്കുന്നതിന് മുൻപുള്ള 12 മാസത്തെ ശരാശരി അടിസ്ഥാന ശമ്പളത്തിന്റെ 50 ശതമാനം പെൻഷൻ, പദ്ധതി ഉറപ്പു നൽകുന്നു. ഈ വേതനം കുറഞ്ഞത് 10 വർഷത്തെ സേവനം വരെയുള്ള കുറഞ്ഞ സേവന കാലയളവിന് ആനുപാതികമായിരിക്കണം. പെൻഷൻ വാങ്ങുന്നയാൾ മരിച്ചാൽ, വ്യക്തിയുടെ മരണത്തിന് തൊട്ടുമുമ്പ് വരെ വാങ്ങിയിരുന്ന പെൻഷൻ തുകയുടെ 60 ശതമാനം പെൻഷൻ കുടുംബത്തിന് ഉറപ്പാക്കും. കുറഞ്ഞത് 10 വർഷത്തെ സർവീസ് ഉള്ളവർക്ക് പ്രതിമാസം 10,000 രൂപ പെൻഷൻ നൽകും. അഖിലേന്ത്യ ഉപഭോക്തൃ വില സൂചിക അടിസ്ഥാനമാക്കിയുള്ള ക്ഷാമബത്ത വ്യവസായ മേഖലയിലെ തൊഴിലാളികൾക്കും ലഭ്യമാക്കും. ഗ്രാറ്റുവിറ്റിക്ക് പുറമെ,സൂപ്പർ ആനുവേഷനിൽ ലംപ്സം പേയ്മെന്റ് പൂർത്തിയാക്കിയ ഓരോ ആറുമാസത്തെ സേവനത്തിനും അവസാനം വാങ്ങിയ പ്രതിമാസ വേതനത്തിന്റെ പത്തിൽ ഒന്നെന്ന തോതിൽ നിശ്ചിതതുക കൂടി നൽകും. ഏകദേശം 23 ലക്ഷം കേന്ദ്ര സർക്കാർ ജീവനക്കാർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് അഭിപ്രായപ്പെട്ടു. **ന്യൂസ്ഡെസ്ക് ആകാശവാണി.....**

*********************************************

## PM-CABINET MEETING

രാജ്യ പുരോഗതിയിൽ സർക്കാർ ജീവനക്കാരുടെ പങ്കിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയ ഏകീകൃത പെൻഷൻ പദ്ധതി സർക്കാർ ജീവനക്കാർക്ക് അന്തസ്സും സാമ്പത്തിക സുരക്ഷയും ഉറപ്പാക്കുമെന്ന് പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ അഭിപ്രായപ്പെട്ടു. ജീവനക്കാരുടെ ക്ഷേമത്തിനും സുരക്ഷിതമായ ഭാവിക്കും വേണ്ടിയുള്ള സർക്കാരിന്റെ പ്രതിബദ്ധതയുടെ തെളിവാണിതെന്ന് അദ്ദേഹം പറഞ്ഞു. വിജ്ഞാൻ ധാരയെക്കുറിച്ചുള്ള തീരുമാനം യുവജനങ്ങൾക്കിടയിൽ ശാസ്ത്ര മേഖലയിലെ ഗവേഷണ പരീക്ഷണങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

*************************************************

## JCM-PM MEET

കേന്ദ്ര സർക്കാർ ജീവനക്കാരുടെ ഔദ്യോഗിക പ്രതിനിധിസംഘം ഇന്നലെ ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തി. ഏകീകൃത പെൻഷൻ നയവുമായി ബന്ധപ്പെട്ട കേന്ദ്രസർക്കാർ തീരുമാനത്തെ സംഘം പ്രകീർത്തിച്ചു. 32 ലക്ഷത്തോളം ജീവനക്കാരെ പ്രതിനിധീകരിക്കുന്ന സംഘടനയുമായി ചർച്ച നടത്തിയ പ്രധാനമന്ത്രിയോട് പ്രതിനിധി സംഘത്തിന്റെ ദേശിയ കൌൺസിൽ സെക്രട്ടറി നന്ദി അറിയിച്ചു.

*************************************************

## CABINET BIO E3 POLICY

ബയോ ഉൽപ്പാദനരംഗത്ത് മികച്ച പ്രകടനം പരിപോഷിപ്പിക്കുന്നതിന് ബയോ-ഇ3 നയത്തിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. സാമ്പത്തിക, പരിസ്ഥിതി, തൊഴിൽ മേഖലക്കായി ബയോടെക്നോളജി എന്നതാണ് നയം. ഗവേഷണ-വികസനത്തിനും തിമാറ്റിക് മേഖലകളിലുടനീളമുള്ള സംരംഭകത്വത്തിനുമുള്ള നൂതനാശയ പിന്തുണ നയത്തിന്റെ പ്രധാന സവിശേഷതയാണ്. സാങ്കേതിക വികസനവും

വാണിജ്യവൽക്കരണവും ത്വരിതപ്പെടുത്തുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. നെറ്റ് സീറോ കാർബൺ സമ്പദ്‌വ്യവസ്ഥ, പരിസ്ഥിതിക്കായുള്ള ജീവിതശൈലി തുടങ്ങിയ സർക്കാർ സംരംഭങ്ങളെ നയം ശക്തിപ്പെടുത്തും.

***********************************

## CABINET -VIGYAN DHARA

ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ വിജ്ഞാൻ ധാര എന്ന ഏകീകൃത കേന്ദ്രമേഖലാ പദ്ധതിയിൽ ലയിപ്പിച്ച മൂന്ന് സുപ്രധാന പദ്ധതികളുടെ തുടർച്ചയ്ക്ക് കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. 10,579 കോടി രൂപയാണ് ഇതിനായി നീക്കിവച്ചിരിക്കുന്നത്. ശാസ്ത്ര സാങ്കേതിക മേഖലയിലെ സൗകര്യങ്ങളുടെയും മാനുഷിക വിഭവ ശേഷിയുടെയും പുരോഗതി, ഗവേഷണവും വികസനവും, നൂതനാശയങ്ങളും സാങ്കേതിക വികസനവും വിന്യാസവും എന്നിവയാണ് വിജ്ഞാൻ ധാരയിലെ ഘടകങ്ങൾ.

***********************************

## AMITSHAH

2026 ഓടെ നക്സൽ തീവ്രവാദം രാജ്യത്ത് നിന്ന് തുടച്ചുനീക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. ഛത്തീസ്ഗഡിൽ 2014-ന് ശേഷം നക്സൽ തീവ്രവാദി ആക്രമണങ്ങളിൽ 53 ശതമാനത്തോളം കുറവുണ്ടായതായി അദ്ദേഹം പറഞ്ഞു. നക്സൽ ബാധിത സംസ്ഥാനങ്ങളുടെ ഏകോപന യോഗത്തിന് ശേഷം റായ്പൂരിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ശ്രീ. അമിത് ഷാ. ഛത്തീസ്ഗഡിലെ വികസനത്തിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാ ബദ്ധമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

***********************************

## MAHA- NEPAL ACCIDENT

നേപ്പാൾ ബസ് അപകടത്തിൽ മരിച്ച 25 പേരുടെ മൃതദേഹങ്ങൾ വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ ഇന്നലെ മഹാരാഷ്ട്രയിലെ ജൽഗാവിൽ എത്തിച്ചു. തുടർന്ന്

ആംബുലൻസിൽ സ്വദേശങ്ങളിലെത്തിച്ച മൃതദേഹങ്ങൾ നടപടിക്രമങ്ങൾക്ക് ശേഷം വീട്ടുകാർക്ക് കൈമാറി. അപകടത്തിൽ പരിക്കേറ്റവർ നേപ്പാളിലെ ആശുപത്രിയിൽ ചികിത്സയിലാണ്. ഇവരിൽ ഒരാളുടെ നില ഗുരുതരമാണെന്നാണ് വിവരം.

***********************************

## PM – EX GRATIA

നേപ്പാളിലെ താനാഹൂൻ ജില്ലയിലുണ്ടായ ബസ്സപകടത്തിൽ മരിച്ചവരുടെ കുടുംബത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ധനസഹായം പ്രഖ്യാപിച്ചു. മരിച്ചവരുടെ കുടുംബത്തിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് രണ്ടുലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും നൽകും. അപകടത്തിൽ ഇന്ത്യയിൽ നിന്നുള്ള 27 പേരാണ് മരിച്ചത്.

***********************************

## WAYANAD – SEARCH

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ കാണാതായവർക്ക് വേണ്ടി ഇന്നും തിരച്ചിൽ. റിപ്പൺ ആനടിക്കാപ്പ് മുതൽ ചാലിയാർ വരെയുള്ള ഭാഗത്താണ് ഇന്ന് പ്രത്യേക സംഘം തിരച്ചിൽ നടത്തുന്നത്. വൈകിട്ട് 3.30 വരെയാണ് തിരച്ചിൽ നടക്കുക.

***********************************

## CMDRF: LETTER OF CONSENT

സമ്മതപത്രം നൽകിയിട്ടില്ലാത്ത ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക പിടിക്കില്ലെന്ന് ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ജീവനക്കാർ അഞ്ച് ദിവസത്തെ വേതനം നൽകണമെന്ന് സർക്കാർ അഭ്യർത്ഥിച്ചിരുന്നു.

***********************************

## RAIN

കേരളത്തിൽ അടുത്ത ദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

***********************************

## INDIAN PARA-SHOOTING TEAM

പാരിസിൽ നടക്കുന്ന പാരാലിമ്പിക്സ് ഗെയിംസിനുള്ള ഇന്ത്യൻ ഷൂട്ടിംഗ് സംഘം ഇന്നലെ യാത്രതിരിച്ചു. ടോക്യോയിൽ കഴിഞ്ഞ തവണ ലഭിച്ച നാല് മെഡൽ എന്ന നേട്ടം മറികടക്കുകയാണ് സംഘത്തിന്റെ പ്രധാനലക്ഷ്യം. ഈ മാസം മുപ്പതിനാണ് പാരാലിമ്പിക്സിൽ ഷൂട്ടിങ് ഇനങ്ങൾ ആരംഭിക്കുക.

***********************************

## BRAZIL FM-INDIA VISIT

ബ്രസീൽ വിദേശകാര്യ മന്ത്രി മൗറോ വിയേര നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ന്യൂഡൽഹിയിലെത്തും. ചൊവ്വാഴ്ച നടക്കുന്ന ഒൻപതാമത് ഇന്ത്യ-ബ്രസീൽ സംയുക്ത കമ്മീഷൻ യോഗത്തിൽ അദ്ദേഹം പങ്കെടുക്കും. ജി 20 തീരുമാനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിൽ കഴിഞ്ഞ വർഷം അധ്യക്ഷ സ്ഥാനത്തുണ്ടായിരുന്ന ഇന്ത്യയിൽ നിന്നും അഭിപ്രായങ്ങൾ സ്വീകരിക്കാനും കൂടിക്കാഴ്ച സഹായകരമാകും. ഈ വർഷം ജി 20 ഉച്ചകോടിയ്ക്ക് അധ്യക്ഷ സ്ഥാനം വഹിക്കുന്നത് ബ്രസീൽ ആണ് .

***********************************

## GAZA-ISRAEL PEACE TALK

ഗസയിലെ വെടിനിർത്തലുമായി ബന്ധപ്പെട്ട് ഈജിപ്ഷ്യൻ തലസ്ഥാനമായ കേയ്റോയിൽ മധ്യസ്ഥചർച്ച പുരോഗമിക്കുന്നു. മധ്യസ്ഥത വഹിക്കുന്ന ഈജിപ്ത്, ഖത്തർ, അമേരിക്ക എന്നീ രാജ്യങ്ങളിൽ നിന്ന് വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി ഹമാസ്

പ്രതിനിധികൾ കൈറോയിൽ എത്തുമെന്നാണ് സൂചന. എന്നാൽ ഹമാസ് ചർച്ചയിൽ പങ്കെടുത്തേക്കില്ല. അതേസമയം, ഇസ്രായേൽ ആക്രമണം തുടരുകയാണെന്നും ഇന്നലെ മാത്രം 50 ഓളം പേർ ഗസയിൽ കൊല്ലപ്പെട്ടതായും പലസ്തീനിയൻ ആരോഗ്യവൃത്തങ്ങൾ അറിയിച്ചു.

*********************************************

## NASA-SpaceX MISSION

നാസയുടെ ബഹിരാകാശ സഞ്ചാരികളായ സുനിത വില്യംസും ബാരി വിൽമോറും 2025 ഫെബ്രുവരിയിൽ സ്പേസ് എക്സുമായി ഭൂമിയിലേക്ക് മടങ്ങും. എട്ട് ദിവസത്തെ ദൗത്യത്തിനായി പുറപ്പെട്ട ഇവരുടെ ബോയിംഗ് സ്റ്റാർലൈനർ ബഹിരാകാശ പേടകത്തിൽ കേടുപാടുകൾ സംഭവിച്ചതിനെ തുടർന്നാണ് മടക്കം വൈകുന്നത്. നിലവിലെ സാഹചര്യത്തിൽ ഏകദേശം എട്ട് മാസത്തോളം ഇവർക്ക് ഭ്രമണപഥത്തിൽ കഴിയേണ്ടി വരും. ബോയിംഗിലെയും നാസയിലെയും എഞ്ചിനീയർമാർ ബഹിരാകാശയാത്രികരുടെ സുരക്ഷിതമായ തിരിച്ചുവരവ് ഉറപ്പാക്കുന്നതിനുള്ള ശ്രമത്തിലാണ്.

****************************************************************************************************